# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 26.01.2024 മുതൽ 30.01.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 04/2024, (8) വ്യാഴാഴ്ച** | **തീയ്യതി 25/01/2024** |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 19 മുതൽ 2024 ജനുവരി 25 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ജനുവരി 26 മുതൽ ജനുവരി 30 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 19/01 | 20/01 | 21/01 | 22/01 | 23/01 | 24/01 | 25/01 | തീയ്യതി | 26/01 | 27/01 | 28/01 | 29/01 | 30/01 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0 | 0 | 0 | 0 | 0 |
| 33.1 | 34.0 | 33.5 | 34.4 | 34.7 | 33.9 | 34.5 | ഉയർന്ന താപനില (°C) | 35 | 35 | 33 | 33 | 33 |
| 22.8 | 24.2 | 23.1 | 24.0 | 23.9 | 22.0 | 25.0 | കുറഞ്ഞ താപനില (°C) | 22 | 22 | 25 | 25 | 25 |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | AM — Cloudy | Partially cloudy | Partially cloudy | Clear | Partially cloudy | Clear |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | | PM | | | | | |
| 85 | 79 | 63 | 67 | 62 | 74 | 96 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 69 | 69 | 69 | 69 | 69 |
| 56 | 46 | 47 | 37 | 37 | 47 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 42 | 42 | 42 | 42 | 42 |
| 2.5 | 3.6 | 5.6 | 5.1 | 5.6 | 4.9 | 2.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 3 | 3 |
| ENE | ENE | ESE | NNE | NNE | NNE | C | AM — SW | W | ENE | E | E | NW |
| NNE | NE | SSE | NE | ENE | C | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 124.1 | 124.1 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കുക. വാഴക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ഒരു ഏക്കർ പാടശേഖരത്തിന് 2 CC ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ച് പാടത്തിന്റെ പലഭാഗത്ത് കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 മില്ലി ടെട്രാനിലിപ്രോൾ അല്ലെങ്കിൽ 6 മില്ലി ഐസോസൈക്ലോസെറാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ പയർ | ഫ്യൂസേരിയം മൂലമുള്ള വാട്ടരോഗം | പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ടരോഗം കാണാനിടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണ് കുതിരത്തക്കവിധം 15 ദിവസം ഇടവിട്ട് മാറിമാറി ഒഴിച്ച് കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ച് മാറ്റി നശിപ്പിക്കുകയും, തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ് പൗഡർ ചേർക്കേണ്ടതുമാണ്. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:-. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തു 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ .അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്.(CAADECCS KVASU, Mannuthy)